**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 09, ചൊവ്വ

**അടിയന്തര ചോദ്യം**

**പി.എസ്.സി. പരീക്ഷയ്ക്ക് കൺഫർമേഷൻ കൊടുക്കാൻ കഴിയാതിരുന്നവർക്ക് അവസരം നൽകാൻ നടപടി**

1. **ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ, എം.എൽ.എ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഓൺലൈൻ പോർട്ടലിന്റെ സാങ്കേതിക പ്രശ്നങ്ങൾമൂലം കുറെയേറെ ഉദ്യോഗാർഥികൾക്ക് കാറ്റഗറി നമ്പർ 503/2023, എൽ.ഡി.സി. തസ്തികയിലേക്ക് കൺഫർമേഷൻ നൽകാനായില്ല എന്നത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഉദ്യോഗാർഥികൾക്ക് അർഹമായ അവസരം ലഭിക്കാതെ വന്നിട്ടുണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം,<br>04-07-2024.

ഡോ. എൻ. കൃഷ്ണ കുമാർ,<br>സെക്രട്ടറി.

**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**അടിയന്തര ചോദ്യം നം. 1** — **09-07-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. പരീക്ഷയ്ക്ക് കൺഫർമേഷൻ കൊടുക്കാൻ കഴിയാതിരുന്നവർക്ക് അവസരം നൽകാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |

**ചോദ്യം**

(എ) പി.എസ്.സി. ഓൺലൈൻ പോർട്ടലിന്റെ സാങ്കേതിക പ്രശ്നങ്ങൾമൂലം കുറെയേറെ ഉദ്യോഗാർഥികൾക്ക് കാറ്റഗറി നമ്പർ 503/2023, എൽ.ഡി.സി. തസ്തികയിലേക്ക് കൺഫർമേഷൻ നൽകാനായില്ല എന്നത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**ഉത്തരം**

(എ) വിവിധ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കുള്ള പരീക്ഷകൾ വിവിധ ഘട്ടങ്ങളായി നടത്തുവാൻ പി.എസ്.സി നിശ്ചയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയുടെ പരീക്ഷ ജൂലൈ 27 നും കൊല്ലം, കണ്ണൂർ ജില്ലകളുടെ പരീക്ഷ ആഗസ്റ്റ് 17 നും, പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലെ പരീക്ഷ ആഗസ്റ്റ് 31 നുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ ഉദ്യോഗാർത്ഥികൾ കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 22.04.2024 മുതൽ 11.05.2024 വരെയും, ആഗസ്റ്റ് മാസത്തിലെ പരീക്ഷയ്ക്കുള്ള കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 23.05.2024 മുതൽ 11.06.2024 വരെയുമായിരുന്നു. പ്രസ്തുത കാലയളവിൽ ഓൺലൈൻ പോർട്ടലിന് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല.

ആറ് ജില്ലകളിലുമായി കൺഫർമേഷൻ നൽകിയവരുടെ വിവരം ഇപ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | 1,39,187 |
| കൊല്ലം | 82,256 |
| കണ്ണൂർ | 66,130 |
| പത്തനംതിട്ട | 38,636 |
| തൃശ്ശൂർ | 73,774 |
| കാസർഗോഡ് | 36,664 |

**ചോദ്യം**

(ബി) ഇത്തരത്തിൽ ഉദ്യോഗാർഥികൾക്ക് അർഹമായ അവസരം ലഭിക്കാതെ വന്നിട്ടുണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

(ബി) വിവിധ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കുള്ള പരീക്ഷകൾ വിവിധ ഘട്ടങ്ങളായി നടത്തുവാൻ പി.എസ്.സി നിശ്ചയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയുടെ പരീക്ഷ ജൂലൈ 27 നും കൊല്ലം, കണ്ണൂർ ജില്ലകളുടെ പരീക്ഷ ആഗസ്റ്റ് 17 നും, പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലെ പരീക്ഷ ആഗസ്റ്റ് 31 നുമാണ് നിശ്ചയിച്ചിരിക്കുന്നത്.

ഇതിൽ തിരുവനന്തപുരം ജില്ലയിലെ ഉദ്യോഗാർത്ഥികൾ കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 22.04.2024 മുതൽ 11.05.2024 വരെയും, ആഗസ്റ്റ് മാസത്തിലെ പരീക്ഷയ്ക്കുള്ള കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 23.05.2024 മുതൽ 11.06.2024 വരെയുമായിരുന്നു. പ്രസ്തുത കാലയളവിൽ ഓൺലൈൻ പോർട്ടലിന് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല.

ആറ് ജില്ലകളിലുമായി കൺഫർമേഷൻ നൽകിയവരുടെ വിവരം ഇപ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | 1,39,187 |
| കൊല്ലം | 82,256 |
| കണ്ണൂർ | 66,130 |
| പത്തനംതിട്ട | 38,636 |
| തൃശ്ശൂർ | 73,774 |
| കാസർഗോഡ് | 36,664 |

സെക്ഷൻ ഓഫീസർ